LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സംഘങ്ങളിൽനിന്നും വാങ്ങുന്ന അരി

46 [1943] ശ്രീമതി മേഴ്സി രവി :
ശ്രീ. എം. എ. വാഹിദ് :
ശ്രീമതി രാധാരാഘവൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി അരി വിൽപന നടത്തുന്നുണ്ടോ ; എങ്കിൽ അതിനാവശ്യമായ അരി സംഭരിക്കുന്നത് എപ്രകാരമാണ് ;

(ബി) ഈ വർഷം ഇതുവരെ എന്തു വിലയ്ക്കാണ് സിവിൽസപ്ലൈസ് കോർപ്പറേഷൻ അരി വാങ്ങിയത് ;

(സി) സഹകരണ സംഘങ്ങൾ കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ല് അരിയാക്കി കൊടുത്താൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ അത് വാങ്ങാമെന്ന് സഹകരണ സംഘങ്ങളെ അറിയിച്ചിട്ടുണ്ടോ ;

(ഡി) ഇപ്രകാരം ഈ വർഷം ഇതുവരെയും എത്ര അരി വാങ്ങിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ആഫീസർ/ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി നെല്ല് സംഭരണ ഏജൻസിയായി അംഗീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങളിൽനിന്നും കോർപ്പറേഷൻ മട്ട അരി വാങ്ങുന്നു.

(ബി) കി. ഗ്രാമിന് 12.00 രൂപയ്ക്ക് (പന്ത്രണ്ട് രൂപ മാത്രം).

(സി) ഉണ്ട്.

(ഡി) 838.40 എം. റ്റി. മട്ട അരി.

സിവിൽ സപ്ലൈസ് കോർപ്പറേഷന് നഷ്ടം ഉണ്ടാക്കിയ ഉദ്യോഗസ്ഥർ

47 [1944] ശ്രീ. ടി. എം. ജേക്കബ് :
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന് 75 കോടി രൂപ നഷ്ടം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ പേരിൽ 17 ഉദ്യോഗസ്ഥൻമാരെ സ്ഥലം മാറ്റിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇതേക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ആ ഉദ്യോഗസ്ഥൻമാർ ആരെല്ലാം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിന്റെ പേരിൽ സ്ഥലം മാറ്റിയിട്ടില്ല.

(സി) ഇതിനെക്കുറിച്ച് അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് വിഭാഗവും ധനകാര്യ വകുപ്പും വിശദമായ അന്വേഷണം നടത്തിവരുന്നു. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഡി) അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

റേഷൻ സാധനങ്ങളുടെ വില

48 [1945] ശ്രീ. എം. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ റേഷൻകട വഴി വിതരണം ചെയ്തുകൊണ്ടിരുന്ന സാധനങ്ങളുടെ വില എന്തായിരുന്നു എന്നു വ്യക്തമാക്കുമോ ;

(ബി) അവയ്ക്ക് ഇപ്പോൾ ഉള്ള വില എന്താണ് ;

(സി) വില വർദ്ധിച്ചിട്ടുണ്ടെങ്കിൽ എത്ര ശതമാനം വില വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ റേഷൻകട വഴി വിതരണം ചെയ്തുകൊണ്ടിരുന്ന സാധനങ്ങളുടെ വില

		രൂപ/കി.ഗ്രാം
അരി—എ.പി.എൽ	-	11.90
എ.പി.എൽ (സ്റ്റേറ്റ് സബ്സിഡി)	-	10.00
ബി.പി.എൽ.	-	6.20
അന്ത്യോദയ അന്നയോജന	-	3.00
ഗോതമ്പ്—എ.പി.എൽ	-	8.90
പഞ്ചസാര	-	13.35
മണ്ണെണ്ണ (ലിറ്ററിന്)	-	7.80 മുതൽ 7.90 വരെ

LIBRARY ARCHIVES Kerala Legislative Assembly